# മലങ്കര ശ്ലൈഹീക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ ഡോ. തിയഡോഷ്യസ് മാർത്തോമ്മായിൽ നിന്നും

**സർക്കുലർ നമ്പർ: 63**

*നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും, ദേശത്ത് പട്ടക്കാരും, പള്ളിക്കൈക്കാരും, സഭാ പ്രതിനിധി മണ്ഡലാംഗങ്ങളും, ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.*

കർത്താവിൽ വാത്സല്യമുള്ളവരെ,

ക്രിസ്താബ്ദം 2022 സെപ്റ്റംബർ 13, 14, 15 (ചൊവ്വ, ബുധൻ, വ്യാഴം) തീയതികളിൽ തിരുവല്ലാ ഡോ. അലക്സാണ്ടർ മാർത്തോമ്മാ വലിയ മെത്രാപ്പോലീത്താ സ്മാരക ഓഡിറ്റോറിയത്തിൽ നമ്മുടെ അദ്ധ്യക്ഷതയിൽ നടന്ന പ്രതിനിധി മണ്ഡലയോഗത്തിൽ ചെയ്തവയും സഭാ ഭരണഘടന 107–ാം വകുപ്പിൻ പ്രകാരം എപ്പിസ്കോപ്പാമാരുടെ സംഘം സെപ്റ്റംബർ 16–ാം തീയതി കൂടി അംഗീകരിച്ചവയുമായ നിശ്ചയങ്ങളും തീരുമാനങ്ങളും ഏവരുടെയും അറിവിനായി താഴെ ചേർത്ത് ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു. അവയിലെ താൽപര്യപ്രകാരം സഭയുടെയും ഇടവകകളുടെയും സ്ഥാപനങ്ങളുടെയും എല്ലാ കാര്യങ്ങളും നടത്തുകയും നടത്തിക്കുകയും ചെയ്യേണ്ടതാണെന്ന് നാം ഈ കല്പന മൂലം ആജ്ഞാപിക്കുന്നു.

കൃപ നിങ്ങളോട് കൂടെ ഇരിക്കുമാറാകട്ടെ.

2022 സെപ്റ്റംബർ മാസം 16–ാം തീയതി തിരുവല്ലാ പൂലാത്തീനിൽ നിന്നും

**ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ**

## 2022 സെപ്റ്റംബർ മാസം 13, 14, 15 (ചൊവ്വ, ബുധൻ, വ്യാഴം) തീയതികളിൽ തിരുവല്ല ഡോ. അലക്സാണ്ടർ മാർത്തോമ്മാ വലിയ മെത്രാപ്പോലീത്താ സ്മാരക ഓഡിറ്റോറിയത്തിൽ നടന്ന സഭാ പ്രതിനിധി മണ്ഡലയോഗ തീരുമാനങ്ങൾ

1. സഭയുടെയും സ്ഥാപനങ്ങളുടെയും "2021–2022–ൽ ബഡ്ജറ്റില്ലാതെയും ബഡ്ജറ്റിൽ കവിഞ്ഞും ചെലവായ തുകകൾക്ക് അനുമതി നൽകുക" എന്ന പ്രമേയത്തിന് ചർച്ചകൾക്കു ശേഷം മണ്ഡലയോഗം അംഗീകാരം നൽകി.
2. അച്ചടിച്ച് പ്രസിദ്ധം ചെയ്തിരുന്ന 01–04–2021 മുതൽ 31–03–2022 വരെയുള്ള ഭരണറിപ്പോർട്ട് അംഗീകരിക്കുകയും സഭ, വൈദിക സെമിനാരി, സഭാ ബുക്ക് ഡിപ്പോ, മലങ്കര സഭാ താരക, എം. റ്റി. & ഇ. എ. സ്കൂൾസ് കോർപ്പറേറ്റ് മാനേജ്മെന്റ്, എപ്പിസ്ക്കോപ്പൽ ജൂബിലി ഇൻസ്റ്റിറ്റ്യൂട്ട്, ജെ. എം. എം. സ്റ്റഡി സെന്റർ, റ്റി. എം. എ. എം. റിസേർച്ച് & ഓറിയന്റേഷൻ സെന്റർ, എം. റ്റി. ഇൻഡസ്ട്രിയൽ ട്രെയിനിംഗ് സെന്റർ, എം. സി. ആർ. ഡി., ഈശോ മാർ തിമൊഥെയോസ് സെന്റർ ഫോർ ഇവാഞ്ചലിസം & റൂറൽ ഡവലപ്പ്മെന്റ്, സീഹോറ, ഈശോ മാർ തിമൊഥെയോസ് മെമ്മോറിയൽ ഇവാഞ്ചലിസ്റ്റ്സ് ട്രെയിനിംഗ് സെന്റർ, ഹോസ്കോട്ട്, ജെ. എം. & എം. എ. മെമ്മോറിയൽ സെന്റർ ഫോർ ഹോളിസ്റ്റിക് ഡവലപ്പ്മെന്റ്, അയിരൂർ എന്നിവയുടെ ആഡിറ്റ് ചെയ്ത വരവ് ചെലവ് കണക്കുകളും, ബാലൻസ് ഷീറ്റും ഏകകണ്ഠമായി സഭാ മണ്ഡലം പാസ്സാക്കുകയും ചെയ്തു.
3. 2022–2023 സാമ്പത്തിക വർഷത്തെ, സഭ, വൈദിക സെമിനാരി, സഭാ ബുക്ക് ഡിപ്പോ, മലങ്കര സഭാ താരക, എം. റ്റി. & ഇ. എ. സ്കൂൾസ് കോർപ്പറേറ്റ് മാനേജ്മെന്റ്, എപ്പിസ്ക്കോപ്പൽ ജൂബിലി ഇൻസ്റ്റിറ്റ്യൂട്ട്, ജെ. എം. എം. സ്റ്റഡി സെന്റർ, റ്റി. എം. എ. എം. റിസേർച്ച് & ഓറിയന്റേഷൻ സെന്റർ, എം. റ്റി. ഇൻഡസ്ട്രിയൽ ട്രെയിനിംഗ് സെന്റർ, ഈശോ മാർ തിമൊഥെയോസ് സെന്റർ ഫോർ ഇവാഞ്ചലിസം & റൂറൽ ഡവലപ്പ്മെന്റ്, സീഹോറ, ഈശോ മാർ തിമൊഥെയോസ് മെമ്മോറിയൽ ഇവാഞ്ചലിസ്റ്റ്സ് ട്രെയിനിംഗ് സെന്റർ, ഹോസ്കോട്ട്, ജെ. എം. & എം. എ. മെമ്മോറിയൽ സെന്റർ ഫോർ ഹോളിസ്റ്റിക് ഡവലപ്പ്മെന്റ്, അയിരൂർ എന്നിവയുടെ ബഡ്ജറ്റ് സഭാ മണ്ഡലം സർവ്വസമ്മതമായി പാസ്സാക്കി.
4. "മലങ്കര മാർത്തോമ്മാ സുറിയാനി സഭയിൽ എപ്പിസ്കോപ്പൽ സ്ഥാനത്തേക്ക് 4 പേരെ തിരഞ്ഞെടുക്കണമെന്ന് ഈ മണ്ഡലം തീരുമാനിക്കുന്നു" എന്ന സഭാ കൗൺസിലിന്റെ പ്രമേയം സഭാ മണ്ഡലം സർവ്വസമ്മതമായി പാസ്സാക്കി.
5. "എപ്പിസ്കോപ്പൽ സ്ഥാനത്തേക്ക് യോഗ്യതയുള്ള പട്ടക്കാരുടെ പേരുകൾ നിർദ്ദേശിക്കുന്നതിന് ഭരണഘടന 15–ാം വകുപ്പിൻ പ്രകാരം എപ്പിസ്കോപ്പൽ നോമിനേഷൻ ബോർഡിലേക്ക് തിരഞ്ഞെടുപ്പ് നടത്തുക" എന്ന സഭാ കൗൺസിലിന്റെ പ്രമേയം സഭാ മണ്ഡലം സർവ്വസമ്മതമായി പാസ്സാക്കി.
6. "സഭാ ഭരണഘടനയ്ക്ക് കാലോചിതമായ പരിഷ്കരണം ആവശ്യമാകയാൽ സമഗ്രമായി പഠിച്ച് ആവശ്യമായ ഭേദഗതികൾ അടുത്ത മണ്ഡലത്തിൽ അവതരിപ്പിക്കുന്നതിനായി സഭാ കൗൺസിലിനെ ചുമതലപ്പെടുത്തുന്നു" എന്ന സഭാ കൗൺസിലിന്റെ പ്രമേയം സഭാ മണ്ഡലം സർവ്വസമ്മതമായി പാസ്സാക്കി.
7. "മാർത്തോമ്മാ സീനിയർ സിറ്റിസൺ ഫെലോഷിപ്പിനെയും മാർത്തോമ്മാ വികസന സംഘത്തെയും സഭയുടെ അംഗീകൃത സ്ഥാപനങ്ങളായി അംഗീകരിക്കുന്നു" എന്ന സഭാ കൗൺസിലിന്റെ പ്രമേയം സഭാ മണ്ഡലം സർവ്വസമ്മതമായി പാസ്സാക്കി.
8. "2022–2023 –ലെ ആദ്യത്തെ ആറ് മാസം, 2021–2022–ൽ ചെലവാകുന്ന തുകയുടെ 6/12 –ൽ കവിയാതെയുള്ള തുക ചെലവാക്കുന്നതിന് സഭാ കൗൺസിലിന് അനുമതി നൽകുക" എന്ന പ്രമേയത്തിന് മണ്ഡലയോഗം ഏകകണ്ഠമായി അനുമതി നൽകി.
9. 2022–2023 ലേക്ക് താഴെപ്പറയുന്ന കണക്കു പരിശോധകരെ നിയമിക്കുക എന്ന സഭാ കൗൺസിലിന്റെ പ്രമേയം ഏകാഭിപ്രായമായി മണ്ഡലയോഗം അംഗീകരിച്ചു.
    1. M/s. Cheriyan & Cheriyan, Chartered Accountants, Miss East Road, Kottayam- 686001.
    2. M/s. Reji John & Co., Chartered Accountants, Near Children's Library, Kottayam.
    3. M/s. Kuruvilla & Co., Chartered Accountants, Pathanamthitta - 689645.
    4. M/s. Thomas Mathew & Associates, Chartered Accountants, Power House Road, Tiruvalla - 689101.
    5. M/s. Thomas Jacob & Co., 2nd Floor, Cliff Terrace Offices, YMR Junction, Nanthencode, Kowdiar P.O., Trivandrum – 695003
    6. M/s. K. C. Koshal & Co. Chartered Accountants, 1507, Wright Town, Jabalpur (M.P).
    7. M/s. K. I. Abraham & Co., Chartered Accountants, Tiruvalla.

8. M/s. Jacob Kovoor & Co., Chartered Accountants, Kochi.
9. M/s. Jacob Abraham & Co., Chartered Accountants, Chengannur.

10. **പഠനം**-വിഷയം:"സഭയുടെ സാക്ഷ്യം: മാറുന്ന ലോകത്തിൽ (The Witness of the Church in the Changing World)" എന്ന വിഷയത്തെ അടിസ്ഥാനമാക്കി പഠനം നടന്നു. ഭദ്രാസന, സെന്റർ, ഇടവക തലങ്ങളിൽ ഈ വിഷയത്തിൽ തുടർ പഠനങ്ങൾ നടത്താൻ തീരുമാനിച്ചു.

11. എപ്പിസ്കോപ്പൽ നോമിനേഷൻ ബോർഡിലേക്ക് താഴെ പറയുന്നവർ തെരഞ്ഞെടുക്കപ്പെട്ടു.

**വൈദികർ**

1. വെരി റവ. കെ.വൈ ജേക്കബ്
2. റവ. എബി കെ. ജോഷ്വ
3. റവ. ഡോ. പി. ജെ. മാമച്ചൻ
4. വെരി. റവ. ജോർജ്ജ് മാത്യു (കീക്കൊഴൂർ)
5. റവ. പ്രസാദ് പൊന്നച്ചൻ
6. റവ. ഡോ. വി. എസ്. വറുഗീസ്
7. റവ. ജോസൻ വി.റ്റി
8. റവ. ഡാനിയേൽ തോമസ്

**അത്മായർ**

1. ഡോ. കോശി മത്തായി
2. അഡ്വ. മാത്യു റ്റി. തോമസ് MLA
3. ഡോ. ഏബ്രഹാം കരിക്കം
4. പ്രൊഫ. ഡോ. ജേക്കബ് ജോർജ്ജ് മല്ലപ്പള്ളി
5. ഡോ. കുഞ്ചെറിയ പി. ഐസക്ക്
6. പ്രൊഫ. സി. മാമച്ചൻ
7. ഡോ. യേശുദാസ് അത്യാൽ
8. ഡോ. മാത്യൂസ് ജോർജ്ജ് ചുനക്കര
9. ശ്രീ. തോമസ് അലക്സാണ്ടർ (സാം ചെമ്പകത്തിൽ)
10. ശ്രീ. പി. ഇ. ബിനു
11. പ്രൊഫ. ഏബ്രഹാം ജോസഫ്
12. ശ്രീ. എബിൻ തോമസ്
13. പ്രൊഫ. ജോളി ആനി ഏബ്രഹാം
14. ശ്രീ. ജോസി കുര്യൻ

12. **അടിയന്തിര പ്രമേയങ്ങൾ:** മണ്ഡലയോഗത്തിൽ അഭിവന്ദ്യ മെത്രാപ്പോലീത്തായുടെ അനുവാദ ത്തോടുകൂടി, പ്രൊഫ. സി. മാമച്ചൻ, റവ. ഡോ. വി. എം. മാത്യു എന്നിവർ നൽകിയ രണ്ട് അടി യന്തിര പ്രമേയങ്ങൾ സഭാ സെക്രട്ടറി വായിച്ച് അവതരിപ്പിക്കുകയുണ്ടായി.
   1. മദ്യത്തിന്റെയും ലഹരി വസ്തുക്കളുടെയും അനിയന്ത്രിതമായ വ്യാപനം സൃഷ്ടിച്ച ഉത്ക ണ്ഠാകുലമായ സാഹചര്യത്തെ നേരിടുവാൻ സർക്കാരിന്റെ മദ്യവ്യാപന നയം തിരുത്തു കയും ലഹരി മാഫിയകൾക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിക്കുകയും ലഹരി വർജ്ജന ബോധവൽക്കരണ പ്രവർത്തനങ്ങൾക്ക് സർക്കാരും സന്നദ്ധ സംഘടനകളും സഭാ പ്രവർത്തകരും സർവ്വാത്മനാ സഹകരിക്കണമെന്നും മാർത്തോമ്മാ സഭാ പ്രതിനിധി മണ്ഡലം ആവശ്യപ്പെടുന്ന പ്രമേയം സഭാ പ്രതിനിധി മണ്ഡലം ഏകകണ്ഠമായി അംഗീക രിച്ചു.
   2. തീരദേശ നിവാസികളുടെ അതിജീവന സമരത്തോടും ബഫർസോൺ വിഷയത്തിൽ ഉത്ക ണ്ഠാകുലരായ ജനതയുടെ വേദനയിൽ പങ്കുചേർന്നും വിഷയപരിഹാരത്തിനായുള്ള പരി ശ്രമത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചുമുള്ള പ്രമേയം സഭാ പ്രതിനിധി മണ്ഡലം ഏകക ണ്ഠമായി അംഗീകരിച്ചു.

## സ്പെഷ്യൽ മണ്ഡലം

- *ഭരണഘടന 390-ാം വകുപ്പു പ്രകാരം പ്രത്യേക വിജ്ഞാപനം അനുസരിച്ച് 2022 സെപ്റ്റംബർ മാസം 14-ാം തീയതി തിരുവല്ലാ ഡോ. അലക്സാണ്ടർ മാർത്തോമ്മാ വലിയ മെത്രാപ്പോലീത്താ സ്മാരക ഓഡിറ്റോറിയത്തിൽ കൂടിയ പ്രത്യേക പ്രതിനിധിമണ്ഡല യോഗത്തിൽ താഴെപ്പറ യുന്ന ഭരണഘടനാ ഭേദഗതി (നീക്കംചെയ്യലും/കൂട്ടിചേർക്കലും) പാസ്സാക്കി.*

**ഭരണഘടന വകുപ്പ് 33-നുള്ള ഭേദഗതി**

33. **ആകെ പോൾ ചെയ്ത വോട്ടുകളിൽ** വൈദികരുടെയും അത്മായരുടെയും പ്രത്യേകം പ്രത്യേകം 75 ശതമാനത്തിൽ കുറയാതെ വോട്ടുകൾ ലഭിക്കുന്ന ആളുകൾ മാത്രം എപ്പിസ്കോപ്പാ സ്ഥാന ത്തേക്കു തെരഞ്ഞെടുക്കപ്പെടുന്നതും അങ്ങനെ തെരഞ്ഞെടുക്കപ്പെട്ടതായി അദ്ധ്യക്ഷൻ പ്രഖ്യാ പിക്കേണ്ടതുമാണ്.

നിർദ്ദേശിതർ ആവശ്യത്തിലധികം ഉണ്ടായിരുന്നാൽ അവരുടെ പേരുകൾ എല്ലാം ആദ്യം വോട്ടിനി ടുകയും, വൈദികരുടെയും അത്മായരുടെയും വേറെവേറെയുള്ള വോട്ടുകളിൽ ഒരോ കൂട്ടരു

ടെയും ഏറ്റവും കുറഞ്ഞ വോട്ടുകൾ കിട്ടിയ ഓരോ പേരുവീതം തള്ളി, ശേഷിച്ച പേരുകൾ എടുത്തു ഒരുമിച്ച് ചേർത്ത് വോട്ടിനിടുകയും, അപ്രകാരം ഓരോ പേരുവീതം തള്ളി ആവർത്തിച്ചാവർത്തിച്ച് ആവശ്യമുള്ളിടത്തോളം പേരുകൾ മാത്രം ശേഷിക്കുന്നതുവരെ വോട്ടിനിട്ടെടുക്കുകയും ചെയ്യേണ്ടതാകുന്നു. എന്നാൽ ആവശ്യമുള്ളതിൽ കൂടുതലായി ഒരു പേരുമാത്രം ഉണ്ടായിരിക്കുകയോ, ശേഷിക്കുകയോ ചെയ്താൽ വൈദികരുടെയും അത്മായരുടെയും കൂടി ആകെ ലഭിച്ച വോട്ടുകളിൽ ഏറ്റവും കുറഞ്ഞ വോട്ടുകൾ കിട്ടിയ ഒരു പേരു മാത്രം തള്ളേണ്ടതാകുന്നു.

മുൻ പ്രസ്താവിച്ച പ്രകാരം ആവശ്യമുള്ളിടത്തോളം പേരുകൾ മാത്രം അവശേഷിക്കുമ്പോൾ ആ പേരുകൾ വീണ്ടും വോട്ടിനിടേണ്ടതും, അവർക്കു **ആകെ പോൾ ചെയ്ത വോട്ടുകളിൽ** വൈദികരുടെയും അത്മായരുടെയും പ്രത്യേകം പ്രത്യേകം **വോട്ടുകളുടെ** 75 ശതമാനത്തിൽ കുറയാതെ വോട്ടുകൾ ലഭിക്കുന്ന പക്ഷം അവർ തെരഞ്ഞെടുക്കപ്പെട്ടതായി അദ്ധ്യക്ഷൻ പ്രഖ്യാപിക്കേണ്ടതുമാണ്.

മുകളിൽ നിർദ്ദേശിച്ചിട്ടുള്ള നടപടിക്രമത്തിന്റെ ഏതെങ്കിലും ഘട്ടത്തിൽ ഒന്നോ അതിലധികമോ പേർക്ക് **ആകെ പോൾ ചെയ്ത വോട്ടുകളിൽ** വൈദികരുടെയും അത്മായരുടെയും **പ്രത്യേകം പ്രത്യേകം** 75 ശതമാനത്തിൽ കുറയാതെ വോട്ടുകൾ ലഭിക്കുന്ന പക്ഷം അവരെ തെരഞ്ഞെടുത്തതായി അദ്ധ്യക്ഷൻ പ്രഖ്യാപിക്കേണ്ടതും ശേഷിക്കുന്ന സ്ഥാനങ്ങളിലേക്കുമാത്രം മുൻപറഞ്ഞ നടപടിക്രമം തുടരേണ്ടതുമാകുന്നു.

ആവശ്യമെന്നുകണ്ടാൽ യോഗം അടുത്ത ദിവസത്തേക്കു മാറ്റിവച്ച് മുൻപറഞ്ഞ തെരഞ്ഞെടുപ്പു നടപടികൾ തുടരാവുന്നതാണ്.

**<u>ഭരണഘടന വകുപ്പ് 335–നുള്ള ഭേദഗതി</u>**

**അത്മായശുശ്രൂഷകർ**

335. ശുശ്രൂഷകളിൽ പട്ടക്കാരനെ സഹായിക്കുന്നതിനും, പട്ടക്കാരൻ ഹാജരില്ലാത്ത ദിവസങ്ങളിൽ ശുശ്രൂഷ നടത്തുന്നതിനും, യോഗ്യതയുള്ള, ഒന്നോ അധികമോ ആളുകളെ **ലിംഗഭേദമെന്യേ** അത്മായ ശുശ്രൂഷകരായി ഇടവക സംഘം തെരഞ്ഞെടുക്കേണ്ടതും അതിനു ഭദ്രാസന എപ്പിസ്കോപ്പായുടെയോ അദ്ദേഹത്തിനുവേണ്ടി വികാരി ജനറാളിന്റെയോ അനുമതി ലഭിച്ചിരിക്കേണ്ടതുമാണ്.

പ്രത്യേക സാഹചര്യങ്ങളിൽ **ലിംഗഭേദമെന്യേ** അത്മായ **ശുശ്രൂഷകരെ** ഭദ്രാസന ഏപ്പിസ്കോപ്പായ്ക്ക് നേരിട്ട് നിയമിക്കാവുന്നതും, അങ്ങനെ നിയമിക്കപ്പെടുന്ന അത്മായ **ശുശ്രൂഷകരും** 329–ാം വകുപ്പിൽ വിവക്ഷിക്കുന്ന ഇടവക ചുമതലക്കാരിൽ ഉൾപ്പെടുന്നതുമാകുന്നു.

- *ഭരണഘടന 113, 390–ാം വകുപ്പു പ്രകാരം താഴെപ്പറയുന്ന ഭരണഘടനാ ഭേദഗതി (നീക്കംചെയ്യലും/കൂട്ടിചേർക്കലും) പാസ്സാക്കി.*

**<u>ഭരണഘടന വകുപ്പ് 164–A –ക്കുള്ള ഭേദഗതി</u>**

164 A. സഭാ ട്രസ്റ്റി, സഭാ സെക്രട്ടറി, കൗൺസിൽ അംഗം എന്നീ ഏതെങ്കിലും നിലയിൽ **മൂന്നു പ്രാവശ്യം** സഭാ കൗൺസിലിലേക്ക് തെരഞ്ഞെടുക്കപ്പെട്ട ആളുകൾ തുടർന്നു വരുന്ന **തെരഞ്ഞെടുപ്പുകളിൽ** മേൽപറഞ്ഞ യാതൊരു സ്ഥാനങ്ങളിലേക്കും സ്ഥാനാർത്ഥിയായി നിൽക്കു വാൻ പാടില്ലാത്തതാകുന്നു.

# FROM THE APOSTOLIC SEE OF MALANKARA METROPOLITAN DR. THEODOSIUS MAR THOMA

**Circular No. 63**

*Blessings to you all the Vicars, Resident Clergy, Trustees and Members of all the Parishes under our authority.*

Dearly beloved in Christ,

The decisions and resolutions of the Sabha Prathinidhi Mandalam that met at the Dr. Alexander Mar Thoma Valiya Metropolitan Smaraka Auditorium, Tiruvalla on 13, 14, and 15 September 2022 (Tue, Wed, Thu) presided over by the Metropolitan, and approved by the Episcopal Synod held on 16 September 2022, as per Clause 107 of the Church Constitution, are hereby published and given below for the information of all. You are informed through this circular that all affairs of the Church, the parishes and the institutions are to be implemented and directed in compliance with them.

Grace be with you all.

Dated 16 September 2022, from Poolatheen, Tiruvalla

**Dr. Theodosius Mar Thoma Metropolitan**

**The Decisions of the Sabha Prathinidhi Mandalam that met at Dr. Alexander Mar Thoma Valiya Metropolitan Smaraka Auditorium, Tiruvalla on 13, 14, and 15 September 2022 (Tue, Wed, Thu)**

1. The motion for permission to approve the expenses incurred without or exceeding the budget during the year 2021-2022 in respect of the Church and the institutions was adopted by the Mandalam after explanations and discussions.

2. The administrative report and the audited statement of accounts and balance sheet for the year commencing from 01-04-2021 to 31-03-2022, already printed and published, each in respect of the Church, the Vaideeka Seminary, the Sabha Book Depot, Malankara Sabha Tharaka, M.T. & E.A. Schools Corporate Management, the Episcopal Jubilee Institute, JMM Study Centre, TMAM Research & Orientation Centre, MT Industrial Training Centre, MCRD, Easow Mar Timotheos Centre for Evangelism & Rural Development – Sihora, Easow Mar Timotheos Memorial Evangelists' Training Centre – Hoskote and J.M. & M.A. Memorial Centre for Holistic Development, Ayroor were unanimously passed by the Mandalam.

3. The budget for the year 2022-2023, each in respect of the Church, the Vaideeka Seminary, the Sabha Book Depot, Malankara Sabha Tharaka, M.T. & E.A. Schools' Corporate Management, the Episcopal Jubilee Institute, JMM Study Centre, TMAM Research & Orientation Centre, MT Industrial Training Centre, Easow Mar Timotheos Centre for Evangelism & Rural Development – Sihora, Easow Mar Timotheos Memorial Evangelists' Training Centre – Hoskote and J.M. & M.A. Memorial Centre for Holistic Development, Ayroor were unanimously passed by the Mandalam.

4. The Motion of the Sabha Council stating that "This Mandalam resolves to elect four people to the office of Episcopa in the Malankara Mar Thoma Syrian Church" was unanimously passed by the Mandalam.

5. The Motion of Sabha Council resolving "To conduct elections to the Episcopal Nomination Board according to Clause No. 15 of the Constitution, in order to nominate the names of suitable Clergy to the office of Episcopa" was unanimously passed by the Mandalam.

6. The Motion of Sabha Council stating that "As appropriate amendments of the Constitution are required, the Sabha Council is entrusted to perform a comprehensive study and present the necessary amendments in the next Mandalam meeting" was unanimously passed by the Mandalam.

7. The Motion of Sabha Council stating "To recognize the Mar Thoma Senior Citizens' Fellowship and Mar Thoma Development Department as recognized institutions of the Church" was unanimously passed by the Mandalam.

8. The Motion, "Permission be given to the Sabha Council to spend during the first six months of 2022-2023, an amount not exceeding 6/12 of what would be spent during the year 2021-2022" was unanimously approved by the Mandalam.

9. The motion of Sabha Council to appoint the following Chartered Accountants as the auditors for the year 2022-2023 was unanimously approved by the Prathinidhi Mandalam:
   1. M/s. Cheriyan & Cheriyan, Chartered Accountants, Miss East Road, Kottayam - 686001.
   2. M/s. Reji John & Co., Chartered Accountants, Near Children's Library, Kottayam.
   3. M/s. Kuruvilla & Co., Chartered Accountants, Pathanamthitta - 689645.
   4. M/s. Thomas Mathew & Associates, Chartered Accountants, Power House Road, Tiruvalla - 689101.
   5. M/s. Thomas Jacob & Co., 2$^{nd}$ Floor, Cliff Terrace Offices, YMR Junction, Nanthencode, Kowdiar P.O., Trivandrum – 695003.
   6. M/s. K. C. Koshal & Co. Chartered Accountants, 1507, Wright Town, Jabalpur (M.P).
   7. M/s. K. I. Abraham & Co., Chartered Accountants, Tiruvalla.
   8. M/s. Jacob Kovoor & Co., Chartered Accountants, Kochi.

9. M/s. Jacob Abraham & Co., Chartered Accountants, Chengannur.

10. **Study:** A study was conducted in the Mandalam on the topic, "The Witness of the Church in the Changing World." It was decided to hold further studies on this topic in the parish, centre, and diocesan levels.

11. The following members were elected to the Episcopal Nomination Board:

**Clergy:**

1. Very Rev. K. Y. Jacob
2. Rev. Abby K. Joshua
3. Rev. Dr. P. J. Mamachan
4. Very Rev. George Mathew (Keekozhur)
5. Rev. Prasad Ponnachen
6. Rev. Dr. V. S. Varughese
7. Rev. Josen V. T.
8. Rev. Daniel Thomas

**Laypersons:**

1. Dr. Koshy Mathai
2. Adv. Mathew T. Thomas MLA
3. Dr. Abraham Karickam
4. Prof. Dr. Jacob George Mallappally
5. Dr. Kunjeria P. Isaac
6. Prof. C. Mamachen
7. Dr. Jesudas Athyal
8. Dr. Mathews George Chunakara
9. Mr. Thomas Alexander (Sam Chempakathil)
10. Mr. P. E. Binu
11. Prof. Abraham Joseph
12. Mr. Abin Thomas
13. Prof. Jolly Anne Abraham
14. Mr. Jossy Kurian

12. **Emergency Motions:** The Sabha Secretary read and presented two emergency motions submitted by Prof. C. Mamachen and Rev. Dr. V. M. Mathew, respectively, in the Mandalam meeting with the permission of H.G. the Metropolitan.
    1. The Mandalam unanimously approved the resolution stating, "The Mar Thoma Sabha Prathinidhi Mandalam requires that the liquor policy of the government must be corrected to combat the alarming situation resulting from the unrestricted access to liquor and narcotic substances. Strong course of action should be taken against the liquor mafia. The government, voluntary organizations and Church members must whole-heartedly co-operate to raise awareness regarding abstinence from liquor and narcotic substances."
    2. The Mandalam unanimously approved the resolution stating, "The Mar Thoma Sabha Prathinidhi Mandalam proclaims its solidarity to the protest of coastal residents and the people in anxiety over the issue of the buffer zone, and to the efforts to resolve the issue peacefully."

## Special Mandalam for Constitution Amendment

- *According to the Sabha Constitution Clause 390 and as per the special notification, the following Constitution amendments (revocations/additions) were approved by the Special Session of the Sabha Prathinidhi Mandalam held on 14 September 2022 at Dr. Alexander Mar Thoma Valiya Metropolitan Smaraka Auditorium, Thiruvalla.*

**Amendment to Constitution Clause 33**

33. Those who have secured minimum of 75% of the **total polled** votes of the clergy and laity, reckoned separately, will alone stand elected to the Episcopate and the President shall declare the result accordingly.

If there are more nominees than the requisite number, all the names shall be put to vote in the first instance and the names polling the least number of votes of clergy and laity, reckoned separately, shall be removed from the list and this process shall be repeated, until the number of remaining candidates, becomes reduced to the required number. If however, the original number or the balance number remaining, at any time during the electoral process, happens to be in excess of the requisite number, by only one, then and in that event, the name of the person who has polled the lowest aggregate number of votes of the clergy and laity, put together, shall alone be eliminated.

When the number of candidates has been reduced to the required number by the process set forth above, those names will again be put to vote and those who secure not less than 75% of the **total polled** votes of the clergy and the laity separately, will be declared elected by the President.

If, at any stage of the electoral proceeding, one or more candidates secure not less than 75% **votes of the total polled votes** of both the clergy and laity, **reckoned** separately, the President shall declare him/them to be duly elected and the proceeding shall be continued, only for the remaining places.

If necessary, the meeting may be adjourned to the next day and the aforementioned electoral process may be continued.

**Amendment to Constitution Clause 335**

**LAY MINISTRANTS**

335. In order to assist the Minister in worship service and to lead worship service, in the Minister's absence, the Edavaka Sanghom shall elect, one or more competent persons **irrespective of gender**, as Lay Ministrants, in respect of which, approval shall be obtained from the Diocesan Episcopa or the Vicar General, acting on his behalf.

In special circumstances, the Diocesan Episcopa may directly appoint **Lay Ministrants irrespective of gender**, and the **Lay Ministrants** so appointed, shall also be office-bearers of the parish, within the purview of Section 329.

- *According to the Sabha Constitution Clauses 113 and 390, the following Constitution Amendment (revocations/additions) was approved:*

**Amendment to Constitution Clause 164-A**

164-A. Persons who have been elected to the Sabha Council for **three terms,** whether as Sabha Trustee, Sabha Secretary, or as council member, shall not be eligible to seek further **elections**, to any one of the aforementioned offices, in the forthcoming **elections**.